# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.5565 18/11/2019-ൽ മറുപടിക്ക്

## എയ്ഡ്സ് രോഗത്തെ പ്രതിരോധിക്കുന്നതിനുള്ള നടപടികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **പ്രൊഫ.കെ.യു. അരുണൻ<br>ശ്രീ.കെ.ജെ. മാക്സി<br>ശ്രീ.എം. മുകേഷ്<br>ശ്രീ.കെ.ഡി. പ്രസേനൻ** | | **കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പമന്ത്രി)** | |
| എ) | സംസ്ഥാനത്ത് എച്ച്.ഐ.വി./എയ്ഡ്സ് രോഗബാധിതരുടെ എണ്ണം മുൻവർഷങ്ങളിലേക്കാൾ ഗണ്യമായി കുറഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | എ) | കണക്കുകൾ പ്രകാരം പുതുതായി എച്ച്.ഐ.വി അണുബാധിതരാകുന്നവരുടെ എണ്ണം കുറഞ്ഞു വരുന്നതായി കാണുന്നു. |
| ബി) | എച്ച്.ഐ.വി. യുടെ വ്യാപനം തടയുന്നതിനും എച്ച്.ഐ.വി./എയ്ഡ്സ് രോഗത്തെ പ്രതിരോധിക്കുന്നതിനും കേരള സംസ്ഥാന എയ്ഡ്സ് കൺട്രോൾ സൊസൈറ്റി സംസ്ഥാനത്ത് നടപ്പാക്കി വരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; | ബി) | എച്ച്.ഐ.വി പിടിപെടാൻ സാധ്യതയുള്ള അപകടകരമായ ലൈംഗിക ശീലങ്ങൾ ഉള്ള വിഭാഗങ്ങൾക്കിടയിലുള്ള എച്ച്.ഐ.വി പ്രതിരോധ പ്രവർത്തനങ്ങൾ നടത്തി വരുന്നു. ഇതിനായി 61 സുരക്ഷ പദ്ധതികൾ കേരളത്തിൽ ഉണ്ട്. ലക്ഷ്യ ഗ്രൂപ്പുകളിൽപെടുന്നവരുടെ എച്ച്.ഐ.വി അണുബാധാ ഭീഷണി ഇല്ലാതാക്കുന്നതിനുള്ള പ്രവർത്തനങ്ങളും പെരുമാറ്റ വ്യതിയാനം വരുത്തുന്നതിനുള്ള പ്രവർത്തനങ്ങളുമാണ് സുരക്ഷാ പദ്ധതികളിലൂടെ നടപ്പിലാക്കുന്നത്. സ്ത്രീ ലൈംഗിക തൊഴിലാളികൾ, പുരുഷ സ്വവർഗാനുരാഗികൾ, മയക്കു മരുന്നു കുത്തി വെയ്ക്കുന്നവർ, കുടിയേറ്റ തൊഴിലാളികൾ, ദീർഘദൂര ട്രക്ക് ഡ്രൈവർമാർ, ട്രാൻസ്ജൻഡർ തുടങ്ങിയവർക്കിടയിലൊക്കെ സുരക്ഷാ പദ്ധതിയുടെ പ്രവർത്തനം എത്തുന്നു. കൗൺസിലിംഗ്, സ്വഭാവ വ്യതിയാന പ്രവർത്തനങ്ങൾക്കായുള്ള ബോധവത്ക്കരണ സാമഗ്രികൾ ലഭ്യമാക്കുക, സുരക്ഷിത ലൈംഗിക ബന്ധത്തിനായി കോണ്ടം ലഭ്യമാക്കുക, പാർശ്വവല്കൃത ലൈംഗിക ന്യൂനപക്ഷങ്ങളുടെ ഇടയിലും മയക്കു മരുന്നിനു കുത്തി വെയ്പ്പിന് അടിമപ്പെട്ടവർക്കായുള്ള പ്രത്യേക ബോധവത്കരണ പരിപാടികളും ചികിത്സാ പദ്ധതിയും നടപ്പാക്കുക തുടങ്ങിയവ നടത്തി വരുന്നു. ലൈംഗിക/ജനനേന്ദ്രിയ രോഗങ്ങൾക്ക് സൗജന്യമായി ചികിത്സ ലഭ്യമാക്കുന്ന 23 പുലരി കേന്ദ്രങ്ങൾ സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ പ്രവർത്തിക്കുന്നു. ഇത് എച്ച്.ഐ.വി പ്രതിരോധത്തിന് സഹായകമാകുന്നു. |

| | | | |
|---|---|---|---|
| | | | എച്ച്.ഐ.വി അണുബാധയുള്ള ഗർഭിണികളിൽ നിന്നും ശിശുവിലേക്ക് എച്ച്.ഐ.വി വ്യാപനം തടയുന്നതിനായി ഇന്റഗ്രേറ്റഡ് കൗൺസിലിംഗ് & ടെസ്റ്റിംഗ് കേന്ദ്രങ്ങൾ വഴി കൗൺസിലിംഗ് നടത്തി വരുന്നു. എല്ലാ ഗർഭിണികൾക്കും മൂന്നു മാസത്തിനുള്ളിൽ തന്നെ എച്ച്.ഐ.വി പരിശോധന നടത്തുകയും എച്ച്.ഐ.വി അണുബാധിതയാണെന്ന് കണ്ടെത്തുകയാണെങ്കിൽ ഗർഭസ്ഥ ശിശുവിലേക്ക് അണുബാധ പകരാതിരിക്കുവാൻ ആവശ്യമായ ചികിത്സ നൽകിക്കൊണ്ട് അമ്മയിൽ നിന്നും കുഞ്ഞിലേക്ക് അണുവ്യാപനം തടയുന്നു.<br><br>എച്ച്.ഐ.വി അണുബാധ രക്തസന്നിവേശത്തിലൂടെ പകരുന്നതിനുള്ള സാധ്യതയുള്ളതിനാൽ സുരക്ഷിത രക്തം ഉറപ്പാക്കുന്നതിനായി കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ രക്ത സുരക്ഷിതത്വ വിഭാഗം വിവിധ പ്രവർത്തനങ്ങൾ നടത്തി വരുന്നു. പൊതുജനങ്ങളുടെ ഇടയിൽ എച്ച്.ഐ.വി അവബോധത്തിനും പ്രതിരോധത്തിനുമായി ടെലിവിഷൻ, റേഡിയോ, പത്ര പ്രസിദ്ധീകരണങ്ങൾ, സമൂഹമാധ്യമങ്ങൾ, നവമാധ്യമങ്ങൾ, ബസ് ബ്രാൻഡിംഗ്, ചുവരെഴുത്തുകൾ, ഹോർഡിങ്ങുകൾ തുടങ്ങിയ വിവിധ മാധ്യമങ്ങളിൽക്കൂടിയുള്ള ബോധവത്ക്കരണ പ്രവർത്തനങ്ങളും, ലോക എയ്ഡ്സ് ദിനം ഉൾപ്പെടെയുള്ള വിവിധ ദിനാചരണങ്ങളും നടത്തിവരുന്നു.<br><br>എച്ച്.ഐ.വി പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനായി കേരള സംസ്ഥാന എയിഡ്സ് നിയന്ത്രണ സൊസൈറ്റി, സാമൂഹ്യ നീതി, തദ്ദേശ സ്വയംഭരണം, തൊഴിൽ, വ്യവസായം, വിനോദസഞ്ചാരം, പോലീസ് തുടങ്ങിയ വിവിധ വകുപ്പുകളുമായി ചേർന്ന് ബോധവത്ക്കരണ ക്ലാസ്സുകൾ, പരിശീലനങ്ങൾ, ദിനാചരണങ്ങൾ എന്നിവ നടത്തി വരുന്നുണ്ട്. വിവിധ വകുപ്പുകൾ എച്ച്.ഐ.വി പ്രതിരോധത്തിനായി കർമ്മപരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. കോളേജുകളിൽ പ്രവർത്തിക്കുന്ന റെഡ് റിബൺ ക്ലബ്ബുകൾ വിദ്യാർത്ഥികൾക്കിടയിൽ സന്നദ്ധ രക്തദാനത്തോട് ആഭിമുഖ്യം വളർത്താൻ സഹായിക്കുന്നുണ്ട്. കൂടാതെ ജീവിതനൈപുണ്യം കൈവരിക്കുന്നതിനും ആരോഗ്യകരമായ ജീവിതം നയിക്കുന്നതിനും എച്ച്.ഐ.വി നിയന്ത്രണ പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നതിനും കോളേജ് വിദ്യാർത്ഥികളെ സഹായിക്കുന്ന പ്രവർത്തനങ്ങളാണ് റെഡ് റിബൺ ക്ലബ്ബുകൾ നടത്തി വരുന്നത്. സ്കൂൾതലത്തിൽ കൗമാര ആരോഗ്യ വിദ്യാഭ്യാസ പരിപാടിയിലൂടെ എച്ച്.ഐ.വി പ്രതിരോധത്തിനുള്ള അവബോധം സൃഷ്ടിക്കുന്നതിന് സാധിച്ചിട്ടുണ്ട്. |
| സി) | എച്ച്.ഐ.വി./എയ്ഡ്സ് രോഗബാധ ഏറ്റവും കൂടുതലായി കണ്ടുവരുന്ന വിഭാഗക്കാർക്കിടയിൽ ഇത് | സി) | എച്ച്.ഐ.വി പിടിപെടാൻ സാധ്യതയുള്ള അപകടകരമായ ലൈംഗികശീലങ്ങൾ ഉള്ള വിഭാഗങ്ങൾക്കിടയിലുള്ള എച്ച്.ഐ.വി പ്രതിരോധ |

| | | | |
|---|---|---|---|
| | സംബന്ധിച്ച ബോധവത്കരണം ശക്തമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ? | | പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. കൗൺസിലിംഗ്, സ്വഭാവ വ്യതിയാന പ്രവർത്തനങ്ങൾക്കായുള്ള ബോധവത്ക്കരണ സാമഗ്രികൾ ലഭ്യമാക്കുക, സുരക്ഷിത ലൈംഗികബന്ധത്തിനായി കോണ്ടം ലഭ്യമാക്കുക, പാർശ്വവല്കൃത ലൈംഗിക ന്യൂനപക്ഷങ്ങളുടെ ഇടയിലും മയക്കു മരുന്നിനു കുത്തിവെയ്പ്പിന് അടിമപ്പെട്ടവർക്കായുള്ള പ്രത്യേക ബോധവത്ക്കരണ പരിപാടികളും ചികിത്സാ പദ്ധതിയും നടപ്പാക്കുക തുടങ്ങിയവ നടത്തി വരുന്നുണ്ട്.<br><br>പഞ്ചായത്തിരാജ് സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്ക് KILA വഴി എച്ച്.ഐ.വി/എയ്ഡ്സിനെക്കുറിച്ച് പരിശീലനം നൽകുകയും തുടർനടപടിയായി പഞ്ചായത്ത് സ്ഥാപനങ്ങളിലൂടെ എച്ച്.ഐ.വി പിടിപെടാൻ സാധ്യതയുള്ള വിഭാഗങ്ങൾക്കും പൊതുജനങ്ങൾക്കും ബോധവത്ക്കരണം നൽകാൻ ഉദ്ദേശിക്കുന്നു. സന്നദ്ധ സംഘടനകളിലൂടെയും യൂത്ത് ക്ലബ്ബുകൾ വഴിയും എച്ച്.ഐ.വി ബോധവത്ക്കരണവും എച്ച്.ഐ.വി പരിശോധനയും ഉറപ്പാക്കും. എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുടെ സുരക്ഷാ പ്രോജക്ടുകൾ വഴി ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക, ലഘുലേഖകൾ വിതരണം ചെയ്യുക, നാടൻ കലാരൂപങ്ങളിലൂടെ ശക്തമായ ബോധവത്ക്കരണ പരിപാടികൾ ആസൂത്രണം ചെയ്യുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ